Readout by the Official Spokesperson on the India-Sri Lanka Virtual Bilateral Summit

September 24, 2020

ഇന്ത്യ ശ്രീലങ്ക ഉഭയകക്ഷി ഉച്ചകോടിയെപ്പറ്റി ഔദ്യോഗിക വക്താവിന്റെ റീഡ് ഔട്ട്

സെപ്റ്റംബർ 24, 2020

1. 2020 സെപ്റ്റംബർ 26 ന് ഇന്ത്യയുടെ ആതിഥേയത്വത്തിൽ പ്രധാനമന്ത്രി ശ്രീ നേരേന്ദ്ര മോദിയും പ്രധാനമന്ത്രി ശ്രീ മഹിന്ദ രാജപക്സെയും തമ്മിൽ വിര്ചലായ ഒരു ഉഭയകക്ഷി ഉച്ചകോടി നടന്നു.

2. ഈ വിർചൽ ഉഭയകക്ഷി ഉച്ചകോടി അയൽ രാജ്യവുമായുള്ള പ്രധാനമന്ത്രി മോദിയുടെ ആദ്യ വിർചൽ ഇടപെടലും 2020 ഓഗസ്റ്റ് 9 ന് പ്രധാനമന്ത്രിയായി ചുമതല ഏറ്റെടുത്തതിനു ശേഷമുള്ള പ്രധാനമന്ത്രി രാജപക്സെയുടെ ആദ്യ നയതന്ത്ര ഇടപെടലും കൂടിയായിരുന്നു.

3. സ്ഥിരമായ ഉന്നതതല കൈമാറ്റങ്ങളിലൂടെ ഇന്ത്യ ശ്രീ ലങ്ക ഉഭയ കക്ഷി കൈമാറ്റങ്ങളെ അടയാളപ്പെടുത്തുന്നതാണ്. ഇത്തരം കൈമാറ്റങ്ങൾ പരസ്പര സഹകരണത്തിന് കൂടുത ആവേഗം പ്രദാനം ചെയ്യുകയും വ്യവസായം, സുരക്ഷാ, സംസ്കാരം, വിനോദസഞ്ചാരം മുതലായ മേഖകളിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

4. ശ്രീലങ്കയുടെ പ്രസിഡന്റ് , പ്രധാനമന്ത്രി എന്നിവരുമായി പ്രധാനമന്ത്രി മോഡി സ്ഥിരമായ വിനിമയങ്ങൾ നിലനിർത്തിവരുന്നതാണ്. 2019 നവംബറിൽ നടന്ന പ്രധാനമന്ത്രി മോദിയുടെ ശ്രീലങ്ക സന്ദർശനത്തിന്റെയും 2020 ഫെബ്രുവരിയിൽ നടനെന്ന പ്രധാനമന്ത്രി മഹിന്ദ രാജപക്സെയുടെ ശ്രീലങ്ക സന്ദർശനത്തിന്റെയും ശേഷമാണ് ഇങ്ങനെയൊരു വിർചൽ ഉച്ചകോടി നടത്തുന്നത്.അതുമുതൽ, നേതാക്കൾ അടുത്ത ബന്ധം പുലർത്തുകയും കോവിഡ്-19 പകർച്ചവ്യാധിയുടെ ആരോഗ്യ സാമ്പത്തിക പ്രഭാവങ്ങൾ നേരിടുന്നതിനുള്ള സഹകരണം ചർച്ച ചെയ്യുന്നതിന് ഉൾപ്പടെ വിവിധ അവസരങ്ങളിൽ ടെലിഫോൺ സംഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു.

5. ശ്രീലങ്ക പൊതുജനപെരുമാണ (SLPP) നേതൃത്വം നൽകിയ പ്രധാനമന്ത്രി മഹിന്ദ രാജപക്സെയുടെ തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം, ടെലിഫോണിലൂടെ അദ്ദേഹത്തെ ആദ്യമായി അഭിനന്ദിച്ച നേതാക്കളിൽ ഒരാൾ പ്രധാനമന്ത്രി ശ്രീ മോഡിയായിരുന്നു. അദ്ദേഹം പ്രധാനമന്ത്രി ഗോതബയ രാജപക്സെയ്ക്കും പ്രധാനമന്ത്രി മഹിന്ദ രാജ്പക്സെയ്ക്കും അഭിനന്ദന കത്തുകളും അയച്ചിരുന്നു. ഈയിടെ, 2020 സെപ്റ്റംബർ 17 ന് പ്രധാനമന്ത്രിയുടെ ജന്മനദിനത്തിൽ ആശംസകൾ നേരുന്നതിനു പ്രസിഡണ്ട് ഗോതബയ രാജപക്സെയും പ്രധാനമന്ത്രി മഹിന്ദ രാജപക്സെയും അദ്ദേഹത്തെ വിളിച്ചിരുന്നു. ഇതിനു മുൻപ് 2020 മെയ് 27 ന്, പ്രധാനമന്ത്രി മോഡി മഹിന്ദ രാജപക്സെയുടെ സംസാരിക്കുകയും ശ്രീലങ്കൻ പാർലമെന്റിന്റെ അംഗമായി 50 വർഷങ്ങൾ പൂർത്തിയാക്കുന്നതിനു അഭിനന്ദിക്കുകയും ചെയ്തിരുന്നു.

6. കോവിഡ്-ഫൻ മൂലമുള്ള വെല്ലുവിളികൾ നിറഞ്ഞ പശ്ചാത്തലത്തിലെ വിർചുൽ ഉഭയകക്ഷി ഉച്ചകോടി, ഇരു അയൽ രാജ്യങ്ങളും തമ്മിലുള്ള ആഴമേറിയ സാംസ്കാരിക ബന്ധങ്ങളെയും പാരമ്പര്യത്തെയും സാക്ഷ്യപെടുത്തുന്നതാണ്.ഇത് ഇന്ത്യയുടെ 'അയൽ രാജ്യങ്ങൾക്ക് മുൻഗണന' എന്ന സമീപനത്തിന്റെയും SAGAR ദർശനത്തിന്റെയും പ്രതിഫലനം കൂടിയാണ്.

7. ഇരു രാജ്യങ്ങളും തമ്മിലുള്ള സമായാതീതമായ സൗഹൃദ ബന്ധങ്ങളുടെ സാഹചര്യത്തിൽ ഉഭയകക്ഷി ബന്ധങ്ങൾ സമഗ്രമായി അവലോകനം ചെയ്യാനും പരസ്പര താല്പര്യങ്ങൾ ഉള്ള പ്രധാന പ്രശ്നങ്ങളിൽ സഹകരണ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള രാഷ്ട്രീയ നിർദേശങ്ങൾ പങ്കുവയ്ക്കുന്നതിനും ഇരു നേതാക്കളും ഉള്ള അവസരമായി വിർചുൽ ഉഭയകക്ഷി ഉച്ചകോടി പരിഗണിക്കപ്പെട്ടു.

ന്യൂ ഡൽഹി
24 സെപ്റ്റംബർ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.